# ഗ്രീൻ മുഖ്യമന്ത്രിയുടെ ടൂറിസം തട്ടിപ്പുകൾ

കെ.ആർ. രഞ്ജിത്

**കേരളത്തിന്റെ** വികസനപ്രതിസന്ധി ചികിത്സിച്ചുഭേദമാക്കാൻ മൂന്നുനേരവും സേവിക്കാൻ നിർദ്ദേശിക്കപ്പെട്ട രണ്ട് ഒറ്റമൂലികളാണ് ഐ ടിയും ടൂറിസവും. ചന്ദ്രബാബുനായിഡുവിന് മൈക്രോസോഫ്റ്റും ആഗോള ഐ ടി വ്യവസായികളും ചാർത്തിക്കൊടുത്ത ഇമേജിലേക്ക് ഉയരാൻ എല്ലാ സംസ്ഥാനമുഖ്യൻമാർക്കും ഉള്ളിലാഗ്രഹം തോന്നിപ്പോയതിന്റെ ഫലം കൂടിയായിരുന്നു ഐ ടി ക്കുവേണ്ടിയുള്ള ഉൾവിളി. ജില്ല മുഴുവൻ ഐ ടി പാർക്കുകൾ തുടങ്ങുമെന്ന് കേരളത്തിന്റെ ഹ്യൂഗോ ഷാവേസ് (സി ആർ നീലകണ്ഠൻ നമ്പൂതിരിയോട് കടപ്പാട്) വി എസ് അച്യുതാനന്ദൻ പറയുന്നതിലും ഈയൊരു നായിഡു എലമെന്റ് കിടപ്പുണ്ട്. കേരളത്തിന്റെ ആദ്യത്തെ 'ഗ്രീൻ മുഖ്യമന്ത്രി' വിദഗ്ദരായ സ്വന്തം ഉപദേശകരുടെ പിൻതുണയാൽ ഉണ്ടാക്കിയെടുത്ത ഇമേജിൽ ഐ ടി സൗഹൃദ-പരിസ്ഥിതി - സൗഹൃദ ഘടകം ഉണ്ടാക്കിക്കൊടുത്ത ന്യൂ ഏയ്ജ് എഡ്ജ് ചെറുതല്ല. വർഷങ്ങളായി ഐ ടി- ടൂറിസം മേഖലകൾ കേരളത്തിന്റെ വികസന അജണ്ടയിൽ മുൻപന്തിയിൽ ഉണ്ടായിരുന്നു. എന്നാൽ ഷാവേസ് ഇഫെക്ടും നായിഡു ഘടകവും ഒരുമിച്ചുപോവുന്നതെങ്ങനെ എന്ന വൈരുദ്ധ്യാത്മകതയിലാണ് വി എസ് അച്യുതാനന്ദൻ മുന്നോട്ടുവെയ്ക്കുന്ന ഐടി-ടൂറിസം വികസന പരിപ്രേക്ഷ്യത്തിന്റെ വിചിത്രഫോർമുല വെറും തമാശയാവുന്നത്.

സർക്കാർ ഭൂമി സർക്കാരിനും നാട്ടുകാരുടെ ഭൂമി സ്മാർട് സിറ്റിക്കും എന്ന വിജയശ്രീലാളിതമായ അച്യുതാനന്ദൻ തന്ത്രം മൂലമ്പള്ളിയിലെത്തുമ്പോൾ അതിന്റെ അവതാരലക്ഷ്യം പൂർണമായും വെളിപ്പെടുത്തുന്നു. ഇൻഫോപാർക്ക് കേരളത്തിന്റെ ദേശീയ അഭിമാനത്തിന്റെ പ്രശ്നമാണെന്നും അതിനാൽ വിട്ടുകൊടുക്കാൻ കഴിയില്ലെന്നുമാണല്ലോ റിയൽ എസ്റ്റേറ്റ് മാത്രം ചെയ്തു പരിചയിച്ച സ്മാർട്ട് സിറ്റി കമ്പനിയോടെടുത്ത ആദ്യത്തെ തുറുപ്പുഗുലാൻ. സ്വകാര്യ ഭൂമി പൊന്നുംവിലയ്ക്കോ നടപ്പുവിലയ്ക്കോ എത്രവേണമെങ്കിലും എടുത്തുതരാം. നാട്ടുകാരെ വികസനത്തിന്റെ മനോഹരമായ പാക്കേജിൽ പറഞ്ഞുവിട്ടു. മൂലമ്പിള്ളിയിൽ സർക്കാർ കുറച്ചുകൂടി സ്മാർട്ടായി എന്ന് മാത്രം. നക്സലൈറ്റുകൾ അണ്ടർ ഗ്രൗണ്ടിൽ ഉണ്ടായിരുന്നതുകൊണ്ട് ഇടിച്ചുനിരത്തൽ മാത്രമായിരുന്നു ഏക ഉൻമൂലനവഴി. ഇതുണ്ടാക്കിയ പ്രതിസന്ധി ചില്ലറയൊന്നുമായിരുന്നില്ല. ഗ്രീൻ മുഖ്യമന്ത്രി ഇതെന്തിനുള്ള പുറപ്പാടാണ് എന്ന് അദ്ദേഹത്തെ വഹിച്ചുകൊണ്ടുനടന്നിരുന്ന



പരിസ്ഥിതി പ്രവർത്തകർ മൂക്കുചൊറിഞ്ഞു. ഇതൊന്നും അദ്ദേഹം അറിഞ്ഞിരിക്കാൻ ഇടയില്ല, അറിഞ്ഞിരുന്നെങ്കിൽ ഇതൊന്നും സംഭവിക്കാൻ ഇടയില്ല. എന്നൊക്കെ ആത്മഗതം ചെയ്ത് സമരപ്പന്തലുകളിൽ സമയം കഴിച്ചു. മൂന്നാറിൽ ഇടിച്ചുനിരത്തലിന്റെ പുളകം വിട്ടുമാറും മുമ്പാണ് മൂലമ്പള്ളിയിലെ 'തകർപ്പ്' എന്നതുകൊണ്ട് ഇതുതാനല്ലയോ അത് എന്ന് വർണ്യത്തിലാശങ്കയും ഉണ്ടായി.

ഇതിനിടയിൽ കേരളത്തിന്റെ അഭിമാനമായ നെടുമ്പാശ്ശേരി വിമാനത്താവളത്തിന്റെ ചുറ്റുവട്ടത്ത് വമ്പൻ ഗോൾഫ് കോഴ്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ യുദ്ധകാലാടിസ്ഥാനത്തിൽ പുരോഗമിക്കുകയായിരുന്നു. മുഖ്യമന്ത്രി ചെയർമാനായ വിമാനത്താവള അതോറിറ്റിയാണ് നിർമ്മാണം. 127 ഏക്കർ കൃഷിഭൂമിയിൽ ഇപ്പോൾ പച്ചപ്പുല്ലും കൃത്രിമത്തടാകങ്ങളും നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്, ലോക നിലവാരത്തിലുള്ള ഗോൾഫ് കോഴ്സിനുവേണ്ടി. ഒപ്പം വൻ ഐടി പാർക്കും പാർപ്പിട സമുച്ചയങ്ങളും സൂപ്പർമാർക്കറ്റും സ്വിമ്മിങ്പൂളും...ടൂറിസത്തിനും ഐടിക്കും വേണ്ടതെല്ലാം ഒരുങ്ങുന്നു. കേരളത്തിലെ ഏറ്റവും കണ്ണായ പാടശേഖരങ്ങൾ പിടിച്ചെടുത്ത് ദളിതുകളെയും സാധാരണകർഷകത്തൊഴിലാളികളെയും ഇറക്കിവിട്ട് സ്വന്തമാക്കിയ ഭൂമിയിലാണ് പരിസ്ഥിതി സൗഹൃദ ഗോൾഫ് കളി! അമ്യൂസ്മെന്റ് പാർക്ക്, ലോജിസ്റ്റിക് സെന്റർ, കൾച്ചറൽ വില്ലേജ്, കൺവെൻഷൻ സെന്റർ, ഫൈവ് സ്റ്റാർ, ബഡ്ജറ്റ് ഹോട്ടലുകൾ, മൾട്ടിപ്ലെക്സുകൾ, ഹൈപ്പർമാളുകൾ, ഷോപ്പിങ് സെന്ററുകൾ, ഫുഡ് കോർട്ട് എന്നിവയും വിമാനത്താവളത്തിനോടനുബന്ധിച്ചുള്ള എയറോട്രോപോളിസിൽ ഉണ്ടാകും. നെടുമ്പാശ്ശേരിയിലെ പാവപ്പെട്ട കർഷകരിൽ നിന്നും കർഷകത്തൊഴിലാളികളിൽ നിന്നും പിടിച്ചെടുത്ത നാനൂറ്റിയമ്പത് ഏക്കർ ഭൂമിയിലാണ് ഈ നക്ഷത്ര സമുച്ചയം ഉയർന്നുവരുന്നത്.

ടൂറിസം വികസനം എന്നാൽ അതിൻതന്നെ ഇൻഫ്രാസ്ട്രക്ചർ വികസനം ഉള്ളടങ്ങിയിരിക്കുന്നു എന്നാണ് തത്വം. ടൂറിസം ഇൻഫ്രാസ്ട്രക്ചർ വികസിക്കുന്നതോടെ നാടും താനെ വികസിക്കും എന്നതാണ് വിനോദവ്യവസായ

ത്തിന്റെ വലിയ മേൻമയായി എടുത്തുകാട്ടുന്നത്. ഇതേ ലോജിക് തന്നെയാണ് ഇക്കോ ടൂറിസവും മുന്നോട്ടുവെയ്ക്കുന്നത്. പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ ഇകോ ടൂറിസം കടന്നുവരുമ്പോൾ ഇക്കോളജി താനെ സംരക്ഷിക്കപ്പെട്ടുകൊള്ളും. കാരണം ഇക്കോളജിയില്ലാതെ ടൂറിസം ഇല്ല എന്നതുതന്നെ. എന്നാൽ ഇത്തരം ലളിതയുക്തികൾ വെറും കണ്ണിൽപ്പൊടി മാത്രമാവുന്നു. പൊതുഖജനാവിൽ നിന്ന് ചോർന്നുപോവുന്ന ഇൻഫ്രാസ്ട്രക്ചർ വികസന നിക്ഷേപം വൻകിട ടൂറിസം കളിക്കാരുടെ പോക്കറ്റാണ് വീർപ്പിക്കുന്നത്. ടൂറിസത്തിന്റെ ബോണസ് പോയിന്റ് എന്ന നിലയിൽ വികസനം വരുന്നു എന്ന തട്ടിപ്പുപ്രചരണം വലിയൊരു കോർപ്പറേറ്റ് ഗൂഢാലോചനയായി പരിണമിക്കുന്നത് ഇവിടെയാണ്. നെടുമ്പാശ്ശേരിയിലെ ഗോൾഫ് കോർട്ട് ഇതിന് ഏറ്റവും വലിയ ഉദാഹരണമാണ്. അന്താരാഷ്ട്ര നിലവാരത്തിലുള്ള ഗോൾഫ് കോർട്ടും ഒരു വികസന സൂചകമായി കണക്കാക്കപ്പെടുകയും അത് നമ്മൾ കൊണ്ടാടുകയും ചെയ്യുമ്പോഴാണ് ഈ വികസനം കൊണ്ട് നമുക്കെന്തുനേട്ടം എന്ന പഴഞ്ചൻ ചോദ്യം വീണ്ടും വീണ്ടും തികട്ടിവരിക.

ഇതേ ബോണസ് ഇഫക്ട് വൈവിധ്യവൽകൃത ടൂറിസം പദ്ധതികളിലെല്ലാം കാണാം. ഉദാഹരണത്തിന് ഫാം ടൂറിസം. കൃഷി നഷ്ടത്തിന് ബദലായിപ്പോലും ഫാം ടൂറിസം ഇതിനകം നിർദ്ദേശിക്കപ്പെട്ടുകഴിഞ്ഞു!! കർഷകന് അധികവരുമാനം! നെല്ല് നഷ്ടത്തിലാവുമ്പോൾ ഒരു പൂവ് മീൻ കൃഷി എന്നപോലെ ലാഘവത്തോടെ പറഞ്ഞുപോവുന്നതാണ് ഇത്. കേൾവിക്ക് ദൈവത്തിന്റെ നാടുപോലെ സുന്ദരമാണെങ്കിലും ഈ ഫാം ടൂറിസവും കേരളത്തിന്റെ സാധാരണ കർഷകർക്ക് ഒന്നും നൽകുന്നില്ല.

കുട്ടനാട്ടിലെ കാർഷിക തകർച്ചക്കും ഹൈറേഞ്ചിലെ നാണ്യവിള തകർച്ചക്കും പരിഹാരമായി സർക്കാർ നിർദ്ദേശിക്കുന്നത് വിനോദസഞ്ചാര വികസനമാണ്. ഇടനാട്ടിൽ കൃഷിയും അനുബന്ധവ്യവസായങ്ങളും തകർച്ചയിലായതോടെ വർദ്ധിച്ച തൊഴിലില്ലായ്മ പരിഹരിക്കാൻ ടൂറിസം പദ്ധതികൾക്ക് ഒരളവുപോലും സാധ്യമായിട്ടില്ല. മാത്രമല്ല അതുണ്ടാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ പ്രശ്നങ്ങൾ ഗുരുതരവുമാണ്. ഓരോ പ്രദേശത്തിന്റെയും പാരിസ്ഥിതിക ഘടനയെ നിലനിർത്തിക്കൊണ്ടും പ്രദേശത്തിന്റെ വാഹകശേഷി മനസ്സിലാക്കിക്കൊണ്ടുമാണ് ടൂറിസം നടപ്പിലാക്കേണ്ടത്. എന്നാൽ, കുമരകം, ആലപ്പുഴയിലെ കായലുകൾ, തേക്കടി തുടങ്ങിയ സ്ഥലങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിനോദസഞ്ചാര വികസന പദ്ധതികളിൽ ഈ മാനദണ്ഡങ്ങളൊന്നും പാലിക്കപ്പെടുന്നില്ല. ഇക്കോ ടൂറിസം എന്നപേരിൽ വ്യാപകമായി നടപ്പിലാക്കുന്ന പദ്ധതികളിലാവട്ടെ പരിസ്ഥിതി വിരുദ്ധമായ താല്പര്യങ്ങളാണ് പ്രവർത്തിക്കുന്നതും. അതിന് ഏറ്റവും വലിയ ഉദാഹരണം തെൻമല ഇക്കോ ടൂറിസം പദ്ധതി.

വിനോദസഞ്ചാരവികസനത്തിന്റെയും ഭക്തിയുടെയും മറവിൽ കേരളത്തിൽ വ്യാപകമാവുന്ന മറ്റൊരു പ്രവണതയാണ് തീർത്ഥാടക വിനോദസഞ്ചാരം. ഇതിന്റെ അടിസ്ഥാനവികാരം ഭക്തിയെയും മത വികാരത്തെ വികസനത്തിനനുകൂലമാക്കിത്തീർക്കുക എന്നതാണ്. ശബരിമല വികസനത്തിന്റെ പേരിൽ നടപ്പാക്കുന്ന വിപുലമായ വികസനപദ്ധതി ഇതിനുദാഹരണമാണ്. ഓരോവർഷവും ശബരിമലയിലെത്തുന്ന ഭക്തർക്ക് താമസിക്കാൻ സൗകര്യങ്ങളില്ലെന്ന വാദമുയർത്തി ഇരുപതുഹെക്ടർ വനഭൂമി വെട്ടിത്തെളിച്ച് ടൗൺഷിപ്പ് നിർമ്മിക്കാനുള്ള നീക്കത്തിലാണ് ദേവസ്വം ബോർഡും സർക്കാരും. പ്രമുഖസോഷ്യോളജിസ്റ്റായ ഗുരുവായൂരപ്പൻ നടത്തിയ പഠനത്തിൽ പ്രതിവർഷം മുപ്പതുലക്ഷത്തിൽ താഴെ മാത്രമാണ് ശബരിമലയിലെ തീർത്ഥാടകരുടെ എണ്ണം എന്നുപറയുന്നു. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും വിവിധ സർക്കാർ ഏജൻസികളും നടത്തിയ പഠനത്തിലും വനഭൂമി വിട്ടുകൊടുക്കേണ്ടതില്ലെന്ന നിഗമനമാണുള്ളത്. മാത്രമല്ല, കുമളി, വണ്ടിപ്പെരിയാർ, കാഞ്ഞിരപ്പള്ളി, എരുമേലി, പത്തനംതിട്ട തുടങ്ങിയ സ്ഥലങ്ങളിൽ സാറ്റലൈറ്റ് കേന്ദ്രങ്ങൾ സ്ഥാപിച്ചുകൊണ്ട് തീർത്ഥാടകരുടെ താമസപ്രശ്നം പരിഹരിക്കാനാവുമെന്നും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇത്തരം പാരിസ്ഥിതിക ആഘാത പഠനങ്ങളെ അവഗണിച്ചുകൊണ്ടാണ് ശബരിമല കേരളത്തിന്റെ മുഖ്യവികസന അജണ്ടയാവുന്നത്. ശബരിമലയിലേക്ക് പരിസ്ഥിതി ദുർബലപ്രദേശങ്ങളിലൂടെ റെയിൽപ്പാത തീർത്ത് കൂടുതൽ ഭക്തരെ എത്തിക്കാനാണ് ഇപ്പോഴും പരിപാടിയിടുന്നത്.

ചുരുക്കത്തിൽ വികസനമെന്നത് ഒരുജനതയുടെ പൊതുവായ ഇച്ഛയുടെ അടിസ്ഥാനത്തിൽ നടപ്പാവേണ്ട ഒന്നാണെന്ന ധാരണ തിരുത്തപ്പെടുന്ന കാഴ്ചയാണുള്ളത്. വികസനം മറ്റവിടെനിന്നോ തീരുമാനിക്കപ്പെട്ട് ജനതക്കുമേൽ നടപ്പാവുന്ന ഒന്നാണെന്ന ധാരണയിലേക്കുള്ള മടക്കം. ഇടക്കാലത്ത് ഉയർന്നുവന്ന ജനപങ്കാളിത്തം. ജനകീയം, പ്രാദേശികം തുടങ്ങിയ വാക്കുകൾ നഷ്ടമായിക്കൊണ്ടിരിക്കുന്നു. ഇത് ഗുരുതരമായ ഒരു ജനാധിപത്യപ്രതിസന്ധിയാണ്. ഉത്തരവാദിത്വ ടൂറിസം എന്ന ലേബൽ മറ്റൊരു തട്ടിപ്പായി മാറുന്നത് ഇത്തരം യാഥാർത്ഥ്യങ്ങളുടെ ചരിത്രത്തുടർച്ചയായാണ്.

തെൻമലയിലെ ഇക്കോടൂറിസം, കൃഷിഭൂമിയിലെ ഗോൾഫ് കളി, മൂന്നാറിലെയും മൂലമ്പള്ളിയിലെയും ഇടിച്ചുനിരത്തൽ, വളന്തക്കാട്ടെ കണ്ടൽ നിലങ്ങൾ നികത്തിയെടുത്തുള്ള ശോഭാ ഗ്രൂപ്പിന്റെ മറീന നിർമ്മാണം എന്നിങ്ങനെ കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ടൂറിസം-നിർമ്മാണ-വികസന യജ്ഞങ്ങളുടെ തുടർച്ചയെന്നോണം ഉത്തരവാദടൂറിസം പരിപാടിയും ജനാധികാരത്തിനും ശാശ്വതവികസനസങ്കൽപനങ്ങൾക്കും വെല്ലുവിളിയുയർത്തും.

*സൗത്ത് ഏഷ്യ ഫീച്ചേഴ്സ്, കൊച്ചി*
*9447542293*

**books | magazines | periodicals**

BYWORD
**BOOKS**

marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577

**for rare and new books**